**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **30-01-2024 - ൽ മറുപടിയ്ക്ക്**

**മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളത്തിനും കാർഷിക ആവശ്യത്തിനുമായി കിണറുകൾ, കുളങ്ങൾ എന്നിവ കുഴിക്കുന്നതിന് മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി ആവശ്യമാണോ എന്ന് അറിയിക്കുമോ; | (എ) | കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമായി കിണറുകൾ, കുളങ്ങൾ എന്നിവ കുഴിക്കുന്നതിന് മൈനിങ് & ജിയോളജി വകപ്പിന്റെ അനുമതി ആവശ്യമില്ല. |
| (ബി) | കിണർ, കുളം എന്നിവ നിർമ്മിക്കുമ്പോൾ ലഭിക്കുന്ന മണ്ണും മണലും ചെളിയും വാഹനങ്ങളിൽ കയറ്റി പുറത്തു കൊണ്ടുപോകുന്നതിനുള്ള പാസ് ലഭിക്കുന്നതിന് സർക്കാരിൽ നിന്നുള്ള [വ്യവസായ(എ) വകുപ്പ്] പ്രത്യേകാനുമതി ലഭിക്കുന്നതിന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, ആർ.ഡി.ഒ ഓഫീസ്, മൈനിങ് ആന്റ് ജിയോളജി ജില്ല ഓഫീസ്, ഡയറക്ടർ ഓഫീസ്, വ്യവസായ (എ) വകുപ്പ് എന്നിവിടങ്ങളിൽ വർഷങ്ങളോളം കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി മൈനിങ് ആന്റ് ജിയോളജി ഡയറക്ടറുടെ ശുപാർശയോടെ ലഭ്യമാക്കുകയും, ആയതിന് 2015 ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം പ്രത്യേകാനുമതി സർക്കാരിൽ നിന്നും നൽകുന്നതുമാണ്. |
| (സി) | കുളങ്ങൾ, കിണറുകൾ എന്നിവ കുഴിക്കുമ്പോഴും വൃത്തിയാക്കുമ്പോഴും ലഭിക്കുന്ന മണ്ണും മണലും ചെളിയും വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുന്നതിന് ആർ.ഡി.ഒയുടെ എൻ.ഒ.സിയും സർക്കാരിൽ നിന്നുള്ള പ്രത്യേകാനുമതിയും ലഭ്യമാക്കുന്നതിനു പകരം ആയതിലേയ്ക്ക് മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും നേരിട്ട് പാസുകൾ ലഭിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ സർക്കാർ അടിയന്തരമായി തയ്യാറാകുമോ; | (സി) | നിലവിൽ ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | പാലക്കാട് ജില്ലയിലെ കർഷകരുടെ ജലസേചന ആവശ്യത്തിനുള്ള കുളങ്ങൾ വൃത്തിയാക്കുമ്പോൾ ലഭിക്കുന്ന മണ്ണും മണലും ചെളിയും പുറത്തു കൊണ്ടു പോകുന്നതിനുള്ള പാസുകൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ പാലക്കാട് ജിയോളജിസ്റ്റ് മുമ്പാകെ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരു വിധ | (ഡി) | പാലക്കാട് ജില്ലയിൽ കുളം പുനരുദ്ധാരണത്തിന്റെ ഭാഗമായി കൂട്ടിയിട്ടിരിക്കുന്ന സാധാരണ കളിമണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് 2015 ലെ കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം നടപടി സ്വീകരിക്കുവാൻ മൈനിംഗ് & ജിയോളജി ഡയറക്ടർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം |

| | | | |
|---|---|---|---|
| | നടപടിയും സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ? | | നൽകിയതു പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നുള്ള നിരാക്ഷേപപത്രം ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ജില്ലാ ഓഫീസിൽ നിന്നും സ്ഥലപരിശോധനകൾ നടത്തുകയും കുളത്തിന്റെ ബണ്ട് നിർമ്മാണം പൂർത്തിയാക്കിയ ശേഷം പുറത്തേക്ക് കടത്തിക്കൊണ്ട് പോകേണ്ട ധാതുവിന്റെ അളവ് അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി ധാതുക്കൾ കുളത്തിന്റെ വശങ്ങളിലേക്ക് കൂട്ടിയിടുന്നതിനുള്ള നിർദേശം നിലവിൽ പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നല്കിയിട്ടുള്ളതാണ്. ഈ വിഷയത്തിന്മേൽ അപേക്ഷകർ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ജില്ലാ ഓഫീസിൽ അറിയിക്കുന്ന മുറയ്ക്ക് ചട്ടം 104 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ